# ACADEMIC MASTER PLAN 2025-26

## THACHAPPALLY LPS, VENMONY

School Code 36349

# ലക്ഷ്യങ്ങൾ

→ എല്ലാ കുട്ടികൾക്കും സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുക.

→ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

→ ഓരോ കുട്ടിക്കും മലയാളവും ഇംഗ്ലീഷും സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.

→ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിലെത്തിക്കുക.

→ ഓരോ കുട്ടിയുടേയും സർഗാത്മകത കണ്ടെത്തി വളർത്തുക. അവരെ സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് മികച്ച നേട്ടം കൈവരിക്കുക.

→ സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുക.

→ ശാരീരിക മാനസിക വൈകാരിക മാറ്റങ്ങൾ മനസ്സിലാക്കി അവരിൽ ആത്മവിശ്വാസം വളർത്തുക.

→ പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക പശ്ചാത്തലം ഒരുക്കുക.

→ കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക

→ മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

→ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക.

→ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

→ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഉറപ്പു വരുത്തുക. അവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുക.

→ സ്കൂൾ വായനശാലകളും കമ്പ്യൂട്ടർ ലാബ് ആധുനികവൽക്കരിക്കുക.

→ കമ്പ്യൂട്ടർ പഠനം സുഗമമാക്കുക.

→ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ സമഗ്ര വികസനം സാധ്യമാക്കുക എന്നതാണ് പൊതുവായ ലക്ഷ്യം.

→ പൂർവ്വ വിദ്യാർത്ഥികൾ, എസ്. എസ്. ടി, പി.ടി.എ, സാമൂഹിക പ്രവർത്തകർ, ജനപ്രതിനിധികൾ മുതലായവരെ ഉൾപ്പെടുത്തി സ്കൂളിന്റെ ഉന്നതിക്കാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

→ വാഹന സൗകര്യം ഉറപ്പു വരുത്തുക.

→ മദ്യം, മയക്കുമരുന്ന് മറ്റ് ലഹരിവസ്തുക്കൾക്കെതിരെയുള്ള മനോഭാവം വളർത്തിയെടുക്കുക. പ്രായമായവരെ ബഹുമാനിക്കാനും സഹായിക്കാനുമുള്ള മനോഭാവം വളർത്തുക.

→ എത്രയും വേഗം സ്കൂൾ എക്കണോമിക് ആക്കുക.

# സ്കൂൾ ചരിത്രം

മലയാള വർഷം 1910 ൽ തച്ചപ്പള്ളി എന്ന വെണ്മണിയിലെ ഒരു പുരാതന ക്രിസ്ത്യൻ കുടുംബത്തിലെ സി. ഒ. ഉമ്മൻ എന്ന കുട്ടി സാർ തങ്ങളുടെ നാട്ടുകാരുടെ വിദ്യാഭ്യാസവും സാംസ്കാരികവുമായ ഉന്നമനത്തിനായി തച്ചപ്പള്ളി എൽ. പി. സ്കൂൾ സ്ഥാപിച്ചു.

ആദ്യകാലത്ത് സ്കൂൾ പ്രവർത്തനം നടത്തിയിരുന്നത് സ്വന്തം വീട്ടുമുറ്റത്തുതന്നെയായിരുന്നു. പിന്നീട് ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങി അന്നത്തെ കാലഘട്ടത്തിനു അനുയോജ്യമായ രീതിയിൽ സ്കൂൾ കെട്ടിടം പണിതു. ആദ്യകാലത്ത് അഞ്ചാം ക്ലാസുവരെ ഇവിടെ ഉണ്ടായിരുന്നു. ഓഫീസ് റൂമും ക്ലാസുകൾ നടത്താനുള്ള ഹാളും ഉണ്ടായിരുന്നു. അനന്തരാവകാശികൾ ഇല്ലാതിരുന്നതിനാൽ സ്കൂൾ പ്രവർത്തനം സുഗമമായി നടത്തുന്നതിനായി 1945 കാലയളവിൽ അന്നത്തെ കൊല്ലം ലത്തീൻ കത്തോലിക്ക രൂപത അധ്യക്ഷനായിരുന്ന ജെറോം ഫെർണാണ്ടസ് ബിഷപ്പിനു വിറ്റു.

കൊല്ലം രൂപത വിഭജിച്ച് 1986ൽ പുനലൂർ രൂപത രൂപംകൊണ്ടപ്പോൾ തൃച്ചംപ്പള്ളി എൽ. പി സ്കൂൾ പുനലൂർ രൂപതയുടെ കൈവശത്തിലും അധികാരപരിധിയിലുമായി. ഇപ്പോഴത്തെ രൂപതാധ്യക്ഷൻ റൈറ്റ്. റവ. ഡോ. സിൽവസ്റ്റർ പൊന്നുമുത്തനാണ്. ഈ പ്രദേശത്തെ ഏറ്റവും ആദ്യത്തെ സരസ്വതി ക്ഷേത്രമാണ് തൃച്ചപ്പള്ളി എൽ. പി. സ്കൂൾ.

സ്കൂളിന്റെ ആരംഭകാലഘട്ടത്തിൽ ഇവിടെ വിദ്യ അഭ്യസിച്ച പലരും സമൂഹത്തിൽ പല ഉന്നതസ്ഥാനങ്ങളും അലങ്കരിച്ചിട്ടുണ്ട്. ധാരാളം കുട്ടികൾ തങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ച ഒരു വിദ്യാലയമാണിത്.

ആദ്യകാല പൂർവ്വവിദ്യാർത്ഥികൾ ആരുംതന്നെ ഇന്ന നമ്മോടൊപ്പമില്ല. പിന്നീടുവന്ന തലമുറയിലെ നല്ലൊരുഭാഗം അമേരിക്ക, യൂറോപ്പ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ പൗരത്വം സ്വീകരിച്ച് കഴിയുന്നു. പിന്നീടുള്ള പല തലമുറക്കാരും വിദേശത്തും സ്വദേശത്തും അധ്യാപനരംഗത്തും മറ്റുപലമേഖലകളിലും പ്രവർത്തിച്ച് ഇപ്പോൾ വിദേശത്തും സ്വദേശത്തുമായി വിശ്രമജീവിതം നയിക്കുന്നു. ഇവരിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ളവരും ഉൾപ്പെടുന്നു.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശം അനുസരിച്ച് SRG യോഗങ്ങൾ നടത്തുകയും പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, ക്ലാസ് തലത്തിൽ ആവശ്യമായ പിന്തുണ നൽകുകയും നടപ്പാക്കാൻ തീരുമാനിച്ചു.

സ്കൂൾ വർഷാരംഭത്തിൽ തന്നെ പി.ടി.എ, എം.പി.ടി.എ, ഉച്ചഭക്ഷണകമ്മറ്റികൾ, SMC തിരഞ്ഞെടുക്കുകയും ഈ കമ്മറ്റികളുടെ സഹകരണത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചു.

നിലവിലെ പാഠ്യപദ്ധതി അനുസരിച്ച് മാനുഷിക മൂല്യങ്ങളും സഹജീവികളോടുള്ള പരിഗണനയും ഉറപ്പിച്ച്, നല്ല വ്യക്തിത്വത്തിന്റെ ഉടമകളായി മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

'മാലിന്യമുക്ത നാട്' എന്ന ലക്ഷ്യത്തിലെത്തുന്നതിന് ആവശ്യമായ പരിശീലനവും സാഹചര്യവും നൽകുക, ജൈവ വൈവിധ്യങ്ങൾക്ക് പ്രാധാന്യം നൽകി പരിസ്ഥിതിയ്ക്ക് പ്രാധാന്യം നൽകുന്ന ജൈവകൃഷി, ഔഷധത്തോട്ടം, ശലഭോദ്യാനം ഇവ സ്കൂൾ പരിസരത്ത് നിർമിക്കുവാൻ നടപടികൾ സ്വീകരിക്കുക.

വളർത്തുമൃഗങ്ങളിൽ നിന്നുള്ള പേവിഷബാധയെക്കുറിച്ച് ബോധ്യപ്പെടുത്തുക. അതോടൊപ്പം തന്നെ ഈ അധ്യായന വർഷാരംഭത്തിൽ തുടർച്ച നീളുന്ന ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുവാനും ചുറ്റുപാടും വ്യക്തിപരമായുമുള്ള ശുചിത്വം, ആരോഗ്യം, ഇവയെ പ്രത്യേകിച്ച് ഡിജിറ്റൽ മാധ്യമങ്ങളുടെ കൈകാര്യം ചെയ്യൽ എന്നിവയിലുള്ള ബോധ്യവും പ്രയോഗത്തിനായുള്ള കാര്യങ്ങൾ സംഘടിപ്പിക്കുക. അവ കൂടുതൽ പ്രവർത്തനങ്ങളിലൂടെ തുടർന്നു പോകുവാൻ വിവിധ ക്ലബുകൾ സംഘടിപ്പിക്കുക.

## വിവിധ ക്ലബുകൾ

ഭാഷ
കല പ്രവൃത്തിപരിചയം
കായികം
ശാസ്ത്രം
സാമൂഹികശാസ്ത്രം
ഗണിതം
വിദ്യാരംഗം കലാസാഹിത്യ വേദി

# അവസ്ഥാവിശകലനം

2018 മാർച്ച് 11 മുതൽ നിലവിലെ എല്ലാ സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്നു. കഴിഞ്ഞ 10 വർഷങ്ങളിലെ കുട്ടികളുടെ എണ്ണം.

| വർഷം | 2015-2016 | 2016-2017 | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 | 2023-2024 | 2024-2025 | 2025-2026 |
|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | 9 | 9 | 14 | 16 | 28 | 43 | 53 | 51 | 54 | 46 | 37 |

## അധ്യാപകർ

| വിഭാഗം | അധ്യാപക തസ്തിക | സ്ഥിരം അധ്യാപകർ | താല്ക്കാലിക നിയമനം |
|---|---|---|---|
| എൽ.പി | | 3 | 1 |

പ്രഥമാധ്യാപിക ഉൾപ്പെടെ 4 അധ്യാപകരാണ് നിലവിലുള്ളത്. ഗവൺമെന്റ് നിർദേശിക്കുന്ന എല്ലാ പരിശീലന പരിപാടികളിലും പങ്കെടുക്കുകയും അവിടെ നിന്ന് ലഭിക്കുന്ന അറിവുകൾ ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

നിലവിലെ രീതി അനുസരിച്ച് Std I ന് work book കൾ സംയുക്ത ഡയറി തുടങ്ങിയവയും Std II ന് സചിത്ര, ഡയറി, വർക്ക് ബുക്കുകൾ എന്നിവയും 3, 4 ക്ലാസുകളിൽ ഭാവാത്മകവായന,

ഭാവാത്മകഎഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. കഥോത്സവം, വായനോത്സവം എന്നിവ സർഗവേളയിലും അവതരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്.

## ക്ലാസ് ചുമതലകൾ

Std I - ശ്രീമതി. മേഴ്സി ജോൺ

Std II - ശ്രീമതി. ബീനമോൾ. P

Std III - ശ്രീമതി. രേഷ്മ ജോൺസൺ

Std IV - ശ്രീമതി. മിനി സേവ്യർ

## മറ്റു ചുമതലകൾ

SRG കൺവീനർ
ഹരിതവിദ്യാലയം കൺവീനർ
} ശ്രീമതി. മിനി സേവ്യർ

വിദ്യാരംഗം
റോഡ് സുരക്ഷ
സ്കൂൾ സുരക്ഷ
ഉച്ചഭക്ഷണ പരിപാടി
} ശ്രീമതി. മേഴ്സി ജോൺ

PTA സെക്രട്ടറി
സ്റ്റാഫ് സെക്രട്ടറി
P.S.I.T.C
ലൈബ്രറി
} ശ്രീമതി. രേഷ്മ ജോൺസൺ

# വിഷയ മേഖല

ക്ലാസ്തലത്തിൽ ~~പാഠഭാഗ~~ പഠനപ്രവർത്തനങ്ങൾ നടപ്പാക്കുവാൻ വേണ്ട സജ്ജീകരണം ഒരുക്കൽ, വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിനും തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ SRG ചർച്ചചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചു. പഠനപ്രവർത്തനത്തിന്റെ ഭാഗമായുള്ള ഉല്പന്നങ്ങൾ രക്ഷിതാക്കൾക്ക് അറിയുവാനും കാണുവാനുമുള്ള അവസരങ്ങൾ ഒരുക്കുകയും അവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. നിരന്തരവിലയിരുത്തൽ, പഠനപുരോഗതി വിലയിരുത്തൽ എന്നിവ നടപ്പാക്കുന്നു.

പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് കലാകായിക പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക എന്ന ധാരണയിലെത്തി.

→ പത്രവായന, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തിവരുന്നു.

→ ദിനാചരണങ്ങൾ, പൊതുവിജ്ഞാനം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു

→ എല്ലാ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി പഠനലക്ഷ്യങ്ങൾ കൈവരിച്ചുവെന്ന് ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ.

→ സ്കൂൾ അസംബ്ലിയിൽ ഫിസിക്കൽ എക്സർസൈസ്, സുംബ നടത്തുന്നുണ്ട്.

→ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രവർത്തന പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

→ അക്കാദമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ അധ്യാപകർ വഹിക്കുന്നു.

വളർത്തുമൃഗങ്ങളിൽ നിന്നുള്ള രോഗവിമുക്തിയെ കുറിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം, ആരോഗ്യം എന്നിവ ആരോഗ്യ ക്ലബുകളിൽ ഊന്നൽ നൽകുന്നു. മറ്റു ക്ലബുകളായ ഭാഷ ക്ലബ്, കല പ്രവൃത്തി പരിചയ ക്ലബ്, കായിക ക്ലബ്, ശാസ്ത്രസാമൂഹിക ശാസ്ത്ര ക്ലബ്, ഗണിതം ക്ലബ് എന്നിവയും ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു.

## നിലവിലെ അവസ്ഥാ വിശകലനം

സ്കൂൾ കെട്ടിടത്തിന്റെ കാലപ്പഴക്കം സ്കൂൾ ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമല്ലാത്ത ഒരവസ്ഥയിലെത്തി. അത്യാധുനിക സംവിധാനങ്ങൾ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ അനിവാര്യമായി. ഈ സാഹചര്യത്തിൽ വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ഇതെല്ലാം മനസ്സിലാക്കിയ മാനേജ്മെന്റ് കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ 2018 മാർച്ച് മാസം 11-ാം തീയതി പുതിയ ഇരുനില കെട്ടിടം പണിത് നാടിന് സമർപ്പിച്ചു.

2018 ലെ ജലപ്രളയത്തിൽ 250 കുടുംബക്കാർക്ക് ഈ വിദ്യാലയത്തിൽ അഭയം ലഭിച്ചു. ഇപ്പോൾ ഓരോ വർഷവും ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിലും വെണ്മണി പ്രദേശത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നത് ഈ വിദ്യാലയത്തെയാണ്.

കഴിഞ്ഞ 10 വർഷങ്ങളിലെ കുട്ടികളുടെ എണ്ണം.

| വർഷം | 2015 - 2016 | 2016 - 2017 | 2017 - 2018 | 2018 - 2019 | 2019 - 2020 | 2020 - 2021 | 2021 - 2022 | 2022 - 2023 | 2023 - 2024 | 2024 - 2025 |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | 9 | 9 | 14 | 16 | 28 | 43 | 53 | 51 | 54 | 46 |

## പ്രശ്നങ്ങൾ/വെല്ലുവിളികൾ

→ ഐ.ടി. പഠനം സാധ്യമാക്കാൻ മതിയായത്രയെണ്ണം കമ്പ്യൂട്ടറുകൾ ഇല്ല.

→ സ്വന്തമായി സ്കൂൾ വാഹനമില്ല, എങ്കിലും അധ്യാപകർ വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## വെല്ലുവിളികൾ

വിദ്യാലയത്തിന്റെ 3 കിലോമീറ്റർ ചുറ്റളവിൽ എയ്ഡഡ്, അൺഎയ്ഡഡ്, ഗവൺമെന്റ് വിദ്യാലയങ്ങളുണ്ട്. വളരെ ദൂരെനിന്നുവരെ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ വാഹനങ്ങൾ വന്ന കുട്ടികളെ കൂട്ടിക്കൊണ്ടു പോകുന്നതിനാൽ ഈ പ്രദേശത്തെ സാമ്പത്തിക ഭദ്രതയുള്ള വീടുകളിലെ കുട്ടികൾ അവിടേക്കു പോകുന്നു. ഇതുകണ്ട് കുറെ പാവപ്പെട്ടവരും ചില മിഥ്യാധാരണകൾക്കു വശംവദരായി അവരെ അനുകരിക്കുന്നു. ഇക്കാരണത്താൽ ഞങ്ങളുടെ വിദ്യാലയത്തിലേക്ക് കുട്ടികളുടെ എണ്ണം കുറയുന്നു.

എന്നാൽ പുതിയ സ്കൂൾ കെട്ടിടവും ആധുനിക രീതിയിലുള്ള ക്ലാസ്റൂം സൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടലുമുണ്ടായപ്പോൾ കുട്ടികളുടെ

എണ്ണം വർധിച്ച് ഇതൊരു എക്കണോമിക് സ്കൂൾ ആയിത്തീരുമെന്ന് ഉറച്ചു വിശ്വസിക്കുന്നു.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ മാനേജ്മെന്റ് പരമാവധി ശ്രമിച്ചു. വിവിധ തലത്തിലെ ജനപ്രതിനിധികളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായം പ്രതീക്ഷിക്കുന്നു.

## പദ്ധതിരൂപീകരണ പ്രക്രിയ

പൂർവ്വ വിദ്യാർത്ഥികളെയും, ജനപ്രതിനിധികളെയും ഉൾപ്പെടുത്തി സ്കൂൾ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചു.

സ്കൂളിൽ SRG യോഗം കൂടി പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കുവാൻ തീരുമാനിച്ചു. പി.ടി.എയുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായത്തോടെ കുട്ടികളുടെ എണ്ണം മെച്ചപ്പെടുത്തുവാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി കോർണർ പി.ടി.എ, പഠനോത്സവം, ഭവനസന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാൻ തീരുമാനിച്ചു.

## ഭൗതിക പരിമിതികൾ

കളിസ്ഥലം, കമ്പ്യൂട്ടറുകൾ, കളിയുപകരണങ്ങൾ, സൗണ്ട് സിസ്റ്റം എന്നിവയുടെ അപര്യാപ്തത.

## ഭൗതിക നേട്ടങ്ങൾ

→ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം

→ ടോയ്‌ലറ്റ് സൗകര്യം

→ സ്മാർട്ട് ക്ലാസ്റൂം

ഈ സാഹചര്യങ്ങൾ കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുവാൻ സഹായിക്കുന്നു.

## അക്കാദമിക പരിമിതികൾ

→ സാമ്പത്തിക പിന്നോക്ക അവസ്ഥ

→ രക്ഷിതാക്കൾക്ക് പഠനപിന്തുണ നൽകാൻ കഴിയാത്ത അവസ്ഥ.

→ പഠനപ്രവർത്തനങ്ങൾ നടപ്പാക്കാൻ അധിക സമയം വേണ്ടിവരുന്നു.

## അക്കാദമിക നേട്ടങ്ങൾ

പുതിയ പാഠപുസ്തക പ്രവർത്തനങ്ങൾ കുട്ടികളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കുവാനും നിലവാരത്തിനനുസരിച്ചുള്ളവയുമാണ്. കലാകായിക പ്രവൃത്തി പരിചയ മേളകളിൽ സമ്മാനർഹരായിട്ടുണ്ട്. തുടർന്നും നേട്ടങ്ങൾ കൈവരിക്കുന്നതിനും എല്ലാ കുട്ടികൾക്കും പഠനലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലൂടെ ക്ലാസ് അന്തരീക്ഷം സജ്ജമാക്കുവാൻ തീരുമാനിച്ചു.

## പ്രവർത്തനങ്ങളുടെ മോണിറ്ററിംങ്

അക്കാദമിക പ്രവർത്തനങ്ങൾ HM, AEO, BRC പ്രതിനിധികൾ എന്നിവർ അതാത് ഘട്ടങ്ങളിൽ മോണിറ്ററിംങ് നടത്തുന്നുണ്ട്.

# വാർഷിക വികസന പദ്ധതി

## മെയ്

1. അധ്യാപകരും രക്ഷിതാക്കളുമൊത്ത് ഗൃഹസന്ദർശനം.
2. പ്രവേശനോത്സവ മുന്നൊരുക്കങ്ങൾ

## ജൂൺ

1. പ്രവേശനോത്സവം
2. മുന്നൊരുക്കം
3. ഉച്ചഭക്ഷണാരംഭം
4. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ബോധവൽക്കരണ ക്ലാസ്.
5. പരിസ്ഥിതി ദിനാചരണം
6. വായനദിനം - വാരാചരണം
7. യോഗ ദിനം
8. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം - സന്ദേശ
9. പി.ടി.എ തിരഞ്ഞെടുപ്പ്
10. പൊതുവിജ്ഞാനത്തിന് പ്രാധാന്യം കൊടുത്തുള്ള പ്രവർത്തനങ്ങൾ

## ജൂലൈ

1. വിവിധ ദിനാചരണങ്ങൾ

ബഷീർ ദിനം, ചാന്ദ്രദിനം വിവിധ പ്രവർത്തനങ്ങ-ളോടെ ആചരിച്ചു.

2. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ഭാവാത്മക വായന

## ആഗസ്റ്റ്

1. ഹിരോഷിമ ദിനം
2. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
3. ദേശീയാഘോഷങ്ങൾ
4. മൂല്യനിർണയപ്രവർത്തനങ്ങൾ
5. ഓണാഘോഷം

## സെപ്തംബർ

1. അധ്യാപക ദിനം
2. പഠനപുരോഗതി വിലയിരുത്തൽ
3. പഠന പിന്തുണ പ്രവർത്തനങ്ങൾ

## ഒക്ടോബർ

1. ദേശീയ തപാൽ ദിനം
2. ശാസ്ത്രമേളകളുടെ ഒരുക്കം, പങ്കെടുക്കൽ

## നവംബർ

1. കേരളപ്പിറവി ദിനാചരണം
2. കലാമേളകൾക്കുള്ള ഒരുക്കം, പരിശീലനങ്ങൾ
3. ശിശുദിനം.

## ഡിസംബർ

1. പഠന പ്രവർത്തന ടേം മൂല്യനിർണയം
2. ക്രിസ്തുമസ് ആഘോഷം

## ജനുവരി

1. ടേം മൂല്യനിർണയ ഫലങ്ങൾ വിശകലനം
2. റിപ്പബ്ലിക് ദിനം

## ഫെബ്രുവരി

1. പഠനയാത്ര
2. യാത്രാവിവരണം

## മാർച്ച്

1. വാർഷിക മൂല്യനിർണയം
2. വാർഷികാഘോഷം

## ഏപ്രിൽ

1. പ്രൊമോഷൻ നിർണയിക്കൽ
2. ഭവന സന്ദർശനം

## അവലോകനം

115 വർഷം പഴക്കമുള്ള ഈ പ്രദേശത്തെ തന്നെ ആദ്യകാല വിദ്യാലയമാണ്. തച്ചപ്പുള്ളി എൽ. പി. സ്കൂൾ നിരവധി തലമുറകൾക്ക് വിദ്യാഭ്യാസം പകർന്നു നൽകി നിലനിൽക്കുന്നു.

പ്രദേശത്തെ ആദ്യ പൊതുസ്ഥാപനമായ ഈ വിദ്യാലയം ഇന്നും ഒളിമങ്ങാതെ തെളിഞ്ഞു നിൽക്കുന്നു.

മാനേജ്മെന്റിന്റെ പ്രത്യേക പരിഗണനയിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുകയും, കാലഘട്ടത്തിനനുയോജ്യമായ ക്ലാസ്മുറികളും, ഐ. ടി. അധിഷ്ഠിത പഠന രീതികളും സ്കൂളിന്റെ വളർച്ചയ്ക്കും കുട്ടികൾ വർദ്ധിക്കുന്നതിനും സാഹചര്യമൊരുക്കി.

# ഉപസംഹാരം

വിദ്യാഭ്യാസം കേവലം അക്ഷരാഭ്യാസം മാത്രമല്ലെന്നും അതൊരു സംസ്കാരവും പരസ്പര സ്നേഹത്തിലധിഷ്ഠിതമായ സാംസ്കാരിക മതേതരത്വബോധത്താലുരുവാക്കുന്ന സമഗ്ര വളർച്ചയാണെന്നും ഇളം തലമുറ തിരിച്ചറിയണം.

നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും, മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ഈ അക്കാദമിക വികസന രേഖ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

- എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക. അതത് ക്ലാസിലെ പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പാക്കുക.
- ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക.
- സ്കൂൾ അസംബ്ലി വഴി സഭാകമ്പം മാറ്റുന്നു.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു. ദിനാചരണങ്ങൾ, പത്രവായന എന്നിവയ്ക്ക് അവസരം നൽകുന്നു.
- പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.
- ഉച്ചഭക്ഷണ ~~പദ്ധ~~ പദ്ധതിക്ക് ഗവൺമെന്റിൽ നിന്ന് സഹായം ലഭി
- സ്കൂൾ പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ അധ്യാപകർ വഹിക്കു